**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2124** **06-07-2022 - ൽ മറുപടിയ്ക്ക്**

**എയിംസ് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) കേരളത്തിന് അനുവദിക്കണമെന്നുള്ളത് സംസ്ഥാനത്തിന്റെ ദീർഘ കാല ആവശ്യങ്ങളിലൊന്നാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് നിരവധി തവണ കേന്ദ്ര സർക്കാരിനെ സമീപിക്കുകയുണ്ടായി. എന്നാൽ എല്ല സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ഇൻസ്റ്റിട്യൂഷനുകൾ ഘട്ടം ഘട്ടമായി അനുവദിക്കുമെ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും കേരളത്തിന ആയത് ഇതുവരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. മുൻവർഷങ്ങളിലെ കേന്ദ്ര ബഡ്ജറ്റുകളിലായി ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് , ഉത്തർപ്രദേശ് , തമിഴ് നാട് എന്നിങ്ങനെ 13 -ഓളം സംസ്ഥാനങ്ങൾക്ക് പുതുതായി AIIMS അനുവദിച്ചിട്ടുണ്ട്. കേരളത്തിൽ AIIMS സ്ഥാപിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ KSIDC(Kerala State Industrial Development Corporation)-യുടെ പക്കലുള്ള 200 ഏക്കർ സ്ഥലത്ത് ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) സ്ഥാപിക്കുവാൻ അനുയോജ്യമാണെന്ന് ജനുവരി 2017-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്.എന്നാൽ ഇക്കാര്യത്തിൽ കേരളത്തിന്റെ ആവശ്യം ഇതേവരെ പരിഗണിക്കപ്പെട്ടിട്ടില്ല. എങ്കിലും ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് സാധ്യമായ രീതിയിലെല്ലാം നിരന്തരം ആവശ്യമുയർത്തിക്കൊണ്ടിരിക്കുകയാണ്.<br><br>ബഹു.മുഖ്യമന്ത്രി ,ബഹു.പ്രധാനമന്ത്രിയുമായി 2021 ജൂലൈ മാസത്തിൽ ഡൽഹിയിൽ വച്ചുള്ള കൂടികാഴ്ചയിലും, ആഗസ്റ്റ് മാസത്തിൽ കേന്ദ്ര ആരോഗ മന്ത്രി കേരളം സന്ദർശിച്ചപ്പോഴും സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | എയിംസ് സ്ഥാപിക്കുവാനുള്ള അനുമതിയുണ്ടാകണമെന്ന് ആവശ്യപ്പെട്ടിരുന്നു.കൂടാതെ കേന്ദ്ര ആരോഗ്യ മന്ത്രിയ്ക്ക അയച്ച കത്തിൽ AIIMS തുടങ്ങുന്നതിനാവശ്യമായ 200 ഏക്കർ സ്ഥലം കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുമുണ്ട്.22.09.2021 തീയതിയിൽ ബഹു.മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകു മന്ത്രിയ്ക്ക് അയച്ച കത്തിൽ AIIMS-നുള്ള അനുമതിയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചിരുന്നു.2022 മെയ് 6-ന് ഗുജറാത്തിൽ വച്ച് നടന്ന ആരോഗ്യ മന്ത്രിമാരുടെ യോഗത്തിലും കേന്ദ്ര ആരോഗ്യ മന്ത്രിയെ നേരിൽക്കണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി ഇക്കാര്യം ചർച്ച ചെയ്യുകയും എയിംസ് അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.<br><br>AIIMS സ്ഥാപിക്കുന്നതിലേക്കായി KSIDC-യുടെ പക്കലുള്ള സ്ഥലം ആരോഗ്യ വകുപ്പിന് കൈമാറാനുള്ള നിർദേശം റവന്യൂ/വ്യവസായ വകുപ്പുകൾക്ക് നൽകുകയും ഇതിലേക്കായുള്ള നടപടികൾ ത്വരിതഗതിയിൽ സർക്കാർ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.കിനാലൂർ-കാന്തലാട് വില്ലേജിൽ ഉൾപ്പെ 40.6802ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി കോഴിക്കോട് കളക്ടറെ ചുമതലപ്പെടുത്തി 08/02/2022-ൽ സ.ഉ(സാധാ)നം.565/2022/RD പ്രകാരം ഉത്തര പുറപ്പെടുവിച്ചിട്ടുണ്ട്.ഇത് കൂടാതെ 18/05/2022-ലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്തിലൂടെ കിനാലൂരിലെ നിർദിഷ്ട ഭൂമിയുടെ സാധ്യതാ പഠനത്തിനായി ഒരു ടീമിനെ നിയോഗിക്കാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. സംസ്ഥാനത്തിന് എയിംസ് അനുവദിക്കുന്നതിന് ഡിഎംഇയുടെ കൈവശമുള്ള ഭൂ അനിവാര്യമായതിനാൽ നിർദിഷ്ട ഭൂമി ആരോഗ്യ വകുപ്പിലേക്ക് അടിയന്തരമായി കൈമാറുന്നതിന് വേണ്ടിയുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. |
| (ബി) | കേന്ദ്രസർക്കാരിന്റെ പ്രഖ്യാപനം വൈകുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ? | (ബി) | ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) കേരളത്തിന് അനുവദിക്കണമെന്നുള്ളത് സംസ്ഥാനത്തിന്റെ ദീർഘ കാല ആവശ്യങ്ങളിലൊന്നാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് നിരവധി തവണ കേന്ദ്ര |

സർക്കാരിനെ സമീപിക്കുകയുണ്ടായി. എന്നാൽ എല്ലാ സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ഇൻസ്റ്റിട്യൂഷനുകൾ ഘട്ടം ഘട്ടമായി അനുവദിക്കുമെന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും കേരളത്തിന് ആയത് ഇതുവരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. മുൻവർഷങ്ങളിലെ കേന്ദ്ര ബഡ്ജറ്റുകളിലായി ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് , ഉത്തർപ്രദേശ് , തമിഴ് നാട് എന്നിങ്ങനെ 13 -ഓളം സംസ്ഥാനങ്ങൾക്ക് പുതുതായി AIIMS അനുവദിച്ചിട്ടുണ്ട്. കേരളത്തിൽ AIIMS സ്ഥാപിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ KSIDC(Kerala State Industrial Development Corporation)-യുടെ പക്കലുള്ള 200 ഏക്കർ സ്ഥലത്ത് ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) സ്ഥാപിക്കുവാൻ അനുയോജ്യമാണെന്ന് ജനുവരി 2017-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്.എന്നാൽ ഇക്കാര്യത്തിൽ കേരളത്തിന്റെ ആവശ്യം ഇതേവരെ പരിഗണിക്കപ്പെട്ടിട്ടില്ല. എങ്കിലും ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് സാധ്യമായ രീതിയിലെല്ലാം നിരന്തരം ആവശ്യമുയർത്തിക്കൊണ്ടിരിക്കുകയാണ്.

ബഹു.മുഖ്യമന്ത്രി ,ബഹു.പ്രധാനമന്ത്രിയുമായി 2021 ജൂലൈ മാസത്തിൽ ഡൽഹിയിൽ വച്ചുള്ള കൂടികാഴ്ചയിലും, ആഗസ്ത് മാസത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രി കേരളം സന്ദർശിച്ചപ്പോഴും സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കുവാനുള്ള അനുമതിയുണ്ടാകണമെന്ന് ആവശ്യപ്പെട്ടിരുന്നു.കൂടാതെ കേന്ദ്ര ആരോഗ്യ മന്ത്രിയ്ക്ക് അയച്ച കത്തിൽ AIIMS തുടങ്ങുന്നതിനാവശ്യമായ 200 ഏക്കർ സ്ഥലം കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുമുണ്ട്.22.09.2021 തീയതിയിൽ ബഹു.മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രിയ്ക്ക് അയച്ച കത്തിൽ AIIMS-നുള്ള അനുമതിയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചിരുന്നു.2022 മെയ് 6-ന് ഗുജറാത്തിൽ വച്ച് നടന്ന ആരോഗ്യ മന്ത്രിമാരുടെ യോഗത്തിലും കേന്ദ്ര ആരോഗ്യ മന്ത്രിയെ നേരിൽക്കണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി ഇക്കാര്യം ചർച്ച ചെയ്യുകയും എയിംസ് അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

AIIMS സ്ഥാപിക്കുന്നതിലേക്കായി KSIDC-യുടെ പക്കലുള്ള സ്ഥലം ആരോഗ്യ വകുപ്പിന് കൈമാറാനുള്ള നിർദേശം റവന്യൂ/വ്യവസായ വകുപ്പുകൾക്ക് നൽകുകയും ഇതിലേക്കായുള്ള നടപടികൾ

| | | | | |
|---|---|---|---|---|
| | | | | ത്വരിതഗതിയിൽ സർക്കാർ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.കിനാലൂർ-കാന്തലാട് വില്ലേജിൽ ഉൾപ്പെ 40.6802ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി കോഴിക്കോട് കളക്ടറെ ചുമതലപ്പെടുത്തി 08/02/2022-ൽ സ.ഉ(സാധാ)നം.565/2022/RD പ്രകാരം ഉത്തര പുറപ്പെടുവിച്ചിട്ടുണ്ട്.ഇത് കൂടാതെ 18/05/2022-ലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്തിലൂടെ കിനാലൂരിലെ നിർദിഷ്ട ഭൂമിയുടെ സാധ്യതാ പഠനത്തിനായി ഒരു ടീമിനെ നിയോഗിക്കാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. സംസ്ഥാനത്തിന് എയിംസ് അനുവദിക്കുന്നതിന് ഡിഎംഇയുടെ കൈവശമുള്ള ഭൂ അനിവാര്യമായതിനാൽ നിർദിഷ്ട ഭൂമി ആരോഗ്യ വകുപ്പിലേക്ക് അടിയന്തരമായി കൈമാറുന്നതിന് വേണ്ടിയുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ